**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **06-12-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയെ ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കടലാസ് സംഘങ്ങൾ ആയി പ്രവർത്തിക്കുന്നവയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ? | (എ) | കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ / അർദ്ധ സർക്കാർ / അധ്യാപകർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020ലെ സി.ഡി.എൻ 2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി / ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01. 2022ലെ സി.ഡി.എൻ2/1/2022/പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് 2016-2017 മുതൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷി ക്കുന്നതിനും, നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിൽ 6200-ഓളം നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിനും പ്രതിവർഷം 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും സാധിക്കുന്നുണ്ട്. ഈ പദ്ധതി യുടെ ഭാഗമായി ഇതുവരെ 269.87 കോടി രൂപ നെയ്ത്ത് കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |

കേരളത്തിന്റെ പരമ്പരാഗത കൈത്തറി വ്യവസായ മേഖലയിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന ചേന്ദമംഗലം കൈത്തറി ഉല്പന്നങ്ങളുടെ വിൽപന സാധ്യത മുന്നിൽ കണ്ട് ഈ മേഖലയുടെ വളർച്ചയ്ക്കായി എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് കൈത്തറി ഗ്രാമം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത കൈത്തറി ഗ്രാമത്തിന്റെ ശിലാസ്ഥാപനം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്.

കണ്ണൂരിലെ കാഞ്ഞിരോട് നെയ്ത്ത് സംഘത്തോടനുബന്ധിച്ച് സമഗ്രമായ ഒരു കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിനായി ഈ സാമ്പത്തികവർഷ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ വ്യത്യസ്തങ്ങളായ കൈത്തറി ഉല്പന്നങ്ങളുടെയും നെയ്ത്തുകാരു ടെയും സാന്നിദ്ധ്യം കൈത്തറി മേഖലയിലുള്ള അറിവിന്റെ കൈമാറ്റത്തിനും ഈ മേഖലയുടെ വളർച്ചയ്ക്കും ഊർജ്ജം പകരും.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് അവരുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകി വരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 5 അംഗവിദഗ്ദ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

**കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നു**

**1) മൂലധന സഹായ പദ്ധതികൾ**

| | | | |
|---|---|---|---|
| | | | പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം<br><br>**2) പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ**<br><br>i) പ്രൊഡക്ഷൻ ഇൻസെന്റീവ് - കൈത്തറി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമായുള്ള പ്രചോദന/പ്രോത്സാഹന പരിപാടി<br><br>ii) നെയ്ത്ത്കാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി<br><br>iii) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജ്ജിൻ മണി വായ്പ<br><br>iv) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ<br><br>v) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേക്ക് ആകർഷിക്കുവാനായുള്ള യുവവീവ് പദ്ധതി<br><br>vi) നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി<br><br>vii) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.<br><br>**3) പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ**<br><br>i) കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പാദനരീതികളുടെ നവീകരണവും, ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും പദ്ധതി<br><br>ii) പരിശീലന വൈവിധ്യശേഷി വികസന പരിപാടി<br><br>iii) വിപണനം/കയറ്റുമതി പ്രോത്സാഹന പദ്ധതി<br><br>കടലാസ് സംഘങ്ങൾ ആയി പ്രവർത്തിക്കുന്നവയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം നൽകി വരുന്നത് |

സെക്ഷൻ ഓഫീസർ